(രൂപ ലക്ഷത്തിൽ)

വർഷം	സംസ്ഥാന സർക്കാർ അനുവദിച്ച ഇക	ചെലവഴിച്ച ഇക (മുൻ നീക്കിയിരിപ്പ് സഹിതം)
2001-02	189.01	Nil
2002-03	160.22	169.76
2003-04	493.58	414.85
2004-05	364.40	243.96
2005-06	337.37	439.83
2006-07	345.13	406.99
2007-08	744.08	662.85
2008-09	421.78	227.94
2009-10	503.70	528.36
2010-11	1077.24	359.67
2011-12	129.01	429.42
2012-13	Nil	371.77
2013-14	1790.01	885.11
2014-15	727.99	1423.10

പള്ളിച്ചൽ പഞ്ചായത്ത് വനിതയെ ശല്യക്കാരിയായി പ്രഖ്യാപിച്ചത്

165 (5518)ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശ്രീമതി. വിജിത എന്ന വനിതയെ ശല്യക്കാരിയായി പ്രഖ്യാപിക്കുവാൻ തീരുമാനമെടുത്ത പള്ളിച്ചൽ പഞ്ചായത്തിനെതിരെ സർക്കാരിൽ പരാതികൾ ലഭിച്ചിട്ടുണ്ടോ ; എങ്കിൽ പരാതിയിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ആരെയെങ്കിലും ശല്യമായി പ്രഖ്യാപിക്കുവാൻ പഞ്ചായത്തുകൾക്ക് നിയമപരമായ അവകാശമുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(സി) പള്ളിച്ചൽ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ നിയമവിരുദ്ധമായ നടപടിക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട്. പള്ളിച്ചൽ ഗ്രാമപഞ്ചായത്തിലെ ശ്രീമതി വിജിതയ്ക്കെതിരെ എടുത്ത തീരുമാനം ഓംബുഡ്സ്മാന് റഫർ ചെയ്തതായതുകൊണ്ട് അവരെ നിർത്തിവയ്ക്കാൻ സർക്കാർ പള്ളിച്ചൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ ഓഫീസ് നോട്ടിന്റെ അടിസ്ഥാനത്തിൽ 10-4-2015-ലെ പഞ്ചായത്ത് സമിതി പ്രസ്തുത തീരുമാനം റദ്ദുചെയ്തിട്ടുണ്ട്.

(സി) കേരള പഞ്ചായത്ത് രാജ് ആക്ട് പ്രകാരം ഒരാളെ ശല്യമായി പ്രഖ്യാപിക്കാൻ അവകാശം നൽകിയിട്ടില്ല.

സംസ്ഥാനത്തെ അംഗനവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും ക്ഷേമനിധി

166 (5519) ശ്രീ. എം. വി. ശ്രേയാംസ് കുമാർ :

ശ്രീ. റോഷി അഗസ്റ്റിൻ :

ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ അംഗൻവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും ക്ഷേമനിധി ഏർപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇതുസംബന്ധിച്ച് നിയമം നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട്. അങ്കണവാടി വർക്കേഴ്സ് & ഹെൽപ്പേഴ്സ് ക്ഷേമനിധി രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട് കരട് ബില്ല് തയ്യാറാക്കി മന്ത്രിസഭാ യോഗത്തിന്റെ അനുമതിയോടെ അനന്തര നടപടികൾക്കായി ഫയൽ നിയമ വകുപ്പിന് നൽകിയിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly